**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3152** **07-10-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ ജൽ ജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ജൽജീവൻ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കുന്നമ്മൽ, ഉറയൂർ, കടലുണ്ടി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ജൽജീവൻ പദ്ധതി പൂർത്തികരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തീകരണത്തിൽ നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ഫണ്ടിന്റെ ലഭ്യതക്കുറവ്, പൊതുമരാമത്ത്, കെ.ആർ.എഫ്.ബി., പി.എം.ജി.എസ്.വൈ. എന്നിവിടങ്ങളിൽ നിന്നും റോഡ് കട്ടിങ് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവ പദ്ധതിയുടെ പുരോഗതിയിൽ മന്ദത വരുത്തി. |
| (സി) | പദ്ധതിയുടെ സംസ്ഥാന വിഹിതമായി നൽകേണ്ട തുകയിൽ കുടിശ്ശികയുണ്ടോ ;എങ്കിൽ ആയത് ലഭ്യമാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഇതു വരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ – 11643.59 കോടി രൂപ). മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.<br>നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്കായി കരാറുകാർക്ക് 2025 ആഗസ്റ്റ് 31 ലെ കണക്ക് പ്രകാരം 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്. 2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല.<br><br>ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു നബാർഡിൽ നിന്നും വായ്പ്പ എടുക്കുവാൻ സർക്കാർ ഉത്തരവ് വഴി അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ